I/29329/2023

**Website: www.kwa.kerala.gov.in**
**Mobile/ Whatsapp: +919495998258**

**Tel. 0471-2328654**
Consumer Helpline Number
**1916 [24X7] [Toll Free]**
1916cckwa@gmail.com

**KERALA WATER AUTHORITY**

**Jalabhavan**
**Thiruvananthapuram – 695033**
**Kerala - India**

**മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമം**

**ഹാജർ : Bhandari Swagat Ranveerchand IAS**

വിഷയം: കെ.ഡബ്ല്യൂ.എ - ആർ.എം.സി - ജലമോഷണവും പൊതു ടാപ്പുകളിലെ ജല ദുരുപയോഗവും സംബന്ധിച്ച് വിവരം നൽകുന്നവർക്ക് പാരിതോഷികം നൽകുന്നത് സംബന്ധിച്ച്

------------------------------------------------------------------------------------------------I/29329/2023

Dated:14-09-2023

------------------------------------------------------------------------------------------------------

പരാമർശം: 07/02/2023-ആം തിയതിയിലെ GO(Ms).No.11/2023/WRD നമ്പർ നടപടിക്രമം

**ഉത്തരവ്**

കേരളത്തിലെ എല്ലാ വീടുകളിലും ശുദ്ധമായ കുടിവെള്ളം എത്തിക്കുക എന്നതാണ് വാട്ടർ അതോറിറ്റിയുടെ പരമപ്രധാനമായ ലക്ഷ്യം. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് വേണ്ടിയാണ് ജലജീവൻ മിഷൻ/അമൃത് പദ്ധതികളിലൂടെ നിലവിൽ നഗര, ഗ്രാമപ്രദേശങ്ങളിലെ എല്ലാ വീടുകളിലും വാട്ടർ കണക്ഷനുകൾ നൽകി വരുന്നത്. ആരോഗ്യകരമായ ഒരു സമൂഹം ഉറപ്പാക്കാൻ പരിസ്ഥിതി സൗഹൃദവും സുസ്ഥിരമായതും ഐ.എസ്.ഒ/ഐ.ഇ.സി മാനദണ്ഡങ്ങൾ സ്ഥിരീകരിക്കുന്ന ഗുണനിലവാരമുള്ളതുമായ കുടിവെള്ളമാണ് കേരള വാട്ടർ അതോറിറ്റി നൽകി വരുന്നത്.

കഴിഞ്ഞ വർഷങ്ങളിൽ ലഭ്യമായ മഴയുടെ അളവ് വളരെ കുറഞ്ഞതിനാൽ ജല ദൗർലഭ്യവും അനുഭവപ്പെട്ടു വരുന്നുണ്ട്. ശുദ്ധജലം അമൂല്യമാണ് പാഴാക്കരുത്, അത് സംരക്ഷിക്കണം എന്ന സന്ദേശം പലതലങ്ങളിലൂടെയും അതോറിറ്റി പൊതുജനങ്ങളിലേക്ക് എത്തിക്കുന്നുണ്ടെങ്കിലും, വാട്ടർ കണക്ഷനുകളിൽ നിന്നും ജലമോഷണവും, അനധികൃത കണക്ഷനുകൾ എടുക്കുന്നതും, വാട്ടർ കണക്ഷനുകളിലെയും പൊതു ടാപ്പുകളിലെയും ജലം ദുരുപയോഗം ചെയ്യുന്നതായും കണ്ടുവരുന്നു. ഇത്തരം നടപടികൾ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുമ്പോൾ 2007-ലെ കേരള വാട്ടർ സപ്ലൈ സിവറേജ് അമെൻഡ്മെന്റ് ആക്ട് അനുസരിച്ചുള്ള നടപടികൾ (പിഴ തുക ചുമത്തുന്നത് ഉൾപ്പെടെയുള്ളവ) സ്വീകരിച്ചു വരുന്നുണ്ട്.

മുകളിൽ പരാമർശിച്ചിരിക്കുന്ന ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഉപഭോക്താക്കളുടെയും വാട്ടർ താരിഫ് ലിറ്ററിന് ഒരു പൈസ നിരക്കിൽ വർദ്ധിപ്പിക്കുകയുണ്ടായി. പണമടക്കാതെ കുടിശ്ശികയുള്ള കണക്ഷനുകളിൽ വർധനവുണ്ടായി. ഈ സാഹചര്യത്തിൽ പണമടക്കാത്ത വാട്ടർ കണക്ഷനുകളുടെ വിച്ഛേദന നടപടികൾ 01-04-2023 മുതൽ 31-08-2023 വരെയുള്ള കാലയളവിൽ ശക്തമാക്കുകയുണ്ടായി. മുൻകാലങ്ങളിൽ വാട്ടർ കണക്ഷൻ വിച്ഛേദന നടപടികൾക്ക് അനുബന്ധമായി ശുദ്ധജല ദുരുപയോഗവും ജല മോഷണവും കൂടുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ജല ദൗർലഭ്യം അനുഭവപ്പെട്ടു വരുന്ന ഈ കാലഘട്ടത്തിൽ ജല ദുരുപയോഗം തടയേണ്ടത് പൊതുസമൂഹത്തിന്റെ കൂടെ ഉത്തരവാദിത്വമാണ്. ആയതിനാൽ വാട്ടർ കണക്ഷനുകളിലെയും, പൊതുടാപ്പുകളിലെയും ജല ദുരുപയോഗവും ജലമോഷണവും യഥാസമയം ബന്ധപ്പെട്ട വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ പെടുത്തുന്ന പൊതുജനങ്ങൾക്ക് പ്രോത്സാഹനമായി, അതോറിറ്റി. പാരിതോഷികം നൽകുന്നതാണ്. ദുരുപയോഗത്തിന് ചുമത്തുന്ന പിഴയുടെ 10% (പരമാവധി 5000 രൂപ) പാരിതോഷികമായി നൽകുന്നതാണ്. ഇത്തരം വിവരങ്ങൾ നൽകുന്നവരുടെ പേര് വിവരങ്ങൾ അതോറിറ്റി രഹസ്യമായി സൂക്ഷിക്കുന്നതാണ്. ഈ വിവരം വാട്ടർ അതോറിറ്റിയുടെ ടോൾ ഫ്രീ നമ്പർ ആയ 1916-ൽ വിളിച്ചു അറിയിക്കാവുന്നതാണ്.

I/29329/2023

ജല മോഷണം തടയുന്നതിന്റെ ഭാഗമായി നൽകുന്ന പാരിതോഷികങ്ങൾ താഴെ പറയുന്ന ഉപാധികൾക്കധിഷ്ഠിതമായിരിക്കും

1. കേരള വാട്ടർ അതോറിറ്റിയിലെ സ്ഥിരമോ, താൽക്കാലികമോ (കുടുംബശ്രീ, എച്ച്.ആർ ഉൾപ്പടെ) ആയിട്ടുള്ള ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും പാരിതോഷികങ്ങൾ നൽകുന്നതല്ല.
2. പിഴ തുക ലഭ്യമാകുന്ന മുറക്ക് മാത്രമേ പാരിതോഷികങ്ങൾ നൽകുകയുള്ളു
3. വീഡിയോ ഫോട്ടോ മുതലായവ തെളിവായി അതാത് ഡിവിഷനിലെ എക്സിക്യൂട്ടീവ് എൻജിനീയരുടെ മൊബൈൽ നമ്പറിലേക്കോ (ലിസ്റ്റ് നൽകിയിരിക്കുന്നു) 9495998258 എന്ന നമ്പറിലേക്കോ rmc2internal@gmail.com എന്ന ഈ-മെയിലിലേക്കോ അയക്കേണ്ടതാണ്
4. കൃത്യമായ ലൊക്കേഷൻ നൽകുന്നവരെ മാത്രമേ പരിഗണിക്കുകയുള്ളൂ
5. 1916-ൽ കിട്ടുന്ന പരാതികൾ ഉടൻ തന്നെ എക്സിക്യൂട്ടീവ് എൻജിനീയർക്കു കൈ മാറേണ്ടതാണ്
6. എക്സിക്യൂട്ടീവ് എൻജിനീയർമാർ പരാതി ലഭിച്ച 24 മണിക്കൂറിനകം വിശദവിവരങ്ങൾ ആർ.എം.സി യൂണിറ്റിലേക്ക് മെയിൽ ചെയ്യേണ്ടതാണ്.
7. എക്സിക്യൂട്ടീവ് എഞ്ചിനീയർ മാരുടെ മൊബൈൽ നമ്പറുകൾ ലിസ്റ്റ് ഉൾക്കൊള്ളിച്ചിരിക്കുന്നു

Signed by
Bhandari Swagat Ranveerchand Ias
Date: 14-09-2023 17:39:23

Bhandari Swagat Ranveerchand IAS

MANAGING DIRECTOR

പകർപ്പ്

1. എല്ലാ ചീഫ് എജിനീയർമാർക്കും
2. എല്ലാ സൂപ്രണ്ടിങ് എജിനീയർമാർക്കും
3. എല്ലാ എക്സിക്യൂട്ടീവ് എജിനീയർമാർക്കും
4. പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
(എല്ലാ പ്രമുഖ ദിനപത്രങ്ങളിലും മറ്റു വാർത്താ മാധ്യമങ്ങളിലും പ്രസ്തുത വിഷയത്തിനാവശ്യമായ പ്രചാരം നൽകേണ്ടതാണ്)